# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No Ksa (wyd)P1 581/2021 /16 08 2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 16/08/2021
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No Ksa (wyd)P1 581/2021 /16 08 2021 തീയ്യതി: 16/08/2021

## വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-07-2021 മുതൽ 10-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഉണ്ണി.പി.കെ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 10-08-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 10-08-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഷാജു തോമസ് ഓഡിറ്റ് ഓഫീസർ
ഷാജി.പി അസി.ഓഡിറ്റ് ഓഫീസർ
സമീർ.എം അസി.ഓഡിറ്റ് ഓഫീസർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| അനിഷ സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| എൽസി. ജോയ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ബീന വർഗ്ഗീസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബീന വർഗ്ഗീസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |
| തോമസ് കെ.എം | അസി.സെക്രട്ടറി | 01-04-2020 | 31-03-2021 |
| സുനിൽ.കെ.ജി | കൃഷി ഓഫീസർ | 01-04-2020 | 11-10-2020 |
| ശരണ്യ | കൃഷി ഓഫീസർ | 12-10-2020 | 05-11-2020 |
| അശ്വതി കൃഷ്ണ | കൃഷി ഓഫീസർ | 06-11-2020 | 31-03-2021 |
| ഡോ.ജിജിമോൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 15-09-2020 |
| ഡോ.കീർത്തി.ജി.കൃഷ്ണൻ | വെറ്ററിനറി സർജ്ജൻ | 16-09-2020 | 31-03-2021 |
| ഷിൻജു ഭരതൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ഡോ.അനീഷ് പരമേശ്വരൻ | മെഡിക്കൽ ഓഫീസർ | 01-04-2020 | 19-02-2021 |
| ഡോ.പ്രവീൺ | മെഡിക്കൽ ഓഫീസർ | 20-02-2021 | 31-03-2021 |
| ഡോ.റീന.വി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 30-09-2020 |
| ഡോ.മുഹമ്മദ് തസ്നീം | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-10-2020 | 30-11-2020 |
| ഡോ.മിഥുൻ.കെ.പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-12-2020 | 28-02-2021 |
| ഡോ.സുമി.എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-03-2021 | 31-03-2021 |
| ഡോ.ജിബിനി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | (ആയുർവേദം) | | |
| രമേശൻ ഏഴോക്കാരൻ | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ജയകുമാർ.ജി | അസി.എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| റോഷ്നി | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 01-04-2020 | 20-11-2020 |
| വിനീത് വിജയൻ | വില്ലേജ് എക്സറ്റൻഷൻ ഓഫീസർ | 21-11-2020 | 31-03-2021 |
| ഗണേഷ് കുമാർ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ജോസ് ബാബു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 23-05-2020 | 29-12-2020 |
| ഷിജു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 30-12-2020 | 31-03-2021 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-1 |
| 2 | ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി - നികുതി നികുതിയേതര വരവുകൾക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നില്ല.<br>Written By: Shaju Thomas (Audit Officer, On 12-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-1-1 |
| 3 | കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളുടെ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നില്ല.<br>Written By: Shaju Thomas (Audit Officer, On 12-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-1-2 |
| 4 | വാർഷിക കണക്കുകൾ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2 |
| 5 | കെട്ടിട നികുതി<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-1 |
| 6 | കെട്ടിട നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-2 |
| 7 | ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-3 |
| 8 | പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡിച്ചർ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-4 |
| 9 | വായ്പകൾ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-5 |
| 10 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-6 |
| 11 | ആസ്തി രജിസ്റ്റർ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-7 |
| 12 | ക്യൂ ബിൽ തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-8 |
| 13 | വാർഷിക കണക്കിലെ മറ്റ് അപാകങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-2-9 |
| 14 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-3 |
| 15 | പദ്ധതി അവലോകനം<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-4 |
| 16 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-5 |
| 17 | ക്ഷേമ പദ്ധതികൾ<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-6 |

| | | |
|---|---|---|
| 18 | ക്യാഷ് പരിശോധന<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-7 |
| 19 | ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമല്ല.<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-8 |
| 20 | മറ്റ് ഓഡിറ്റുകളുടെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-9 |
| 21 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി- തുക ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല<br>Written By: P.Shaji (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-10 |
| 22 | ഫണ്ട് വിനിയോഗം ( ACR)<br>Written By: M.Sameer (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-11 |
| 23 | കളിപ്പാട്ടം വാങ്ങൽ പദ്ധതി - ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: P.Shaji (Asst. Audit Officer, On 07-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-12 |
| 24 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഓഡിറ്റ് നിരീക്ഷണങ്ങൾ<br>Written By: P.Shaji (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-13 |
| 25 | കെട്ടിട വാടക നൽകിയത് സർക്കാർ ഉത്തരവ് പാലിക്കാതെ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Shaju Thomas (Audit Officer, On 10-08-2021) | 1-14 |
| 26 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-15 |
| 27 | മരുന്ന് ഇനിയും ലഭിച്ചിട്ടില്ല<br>Written By: Shaju Thomas (Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-16 |
| 28 | ചെലവ് രേഖകൾ ഹാജരാക്കിയില്ല, 3715969 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു<br>Written By: Shaju Thomas (Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-17 |
| 29 | മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം- പിഴ ഈടാക്കിയിട്ടില്ല<br>Written By: Shaju Thomas (Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 1-18 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: M.Sameer (Asst. Audit Officer, On 10-08-2021)<br>Last Updated By: Unni P.K (Deputy Director, On 16-08-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബഡ്ജറ്റ്

10.03.2020 ലെ 1/20 തീരുമാനം പ്രകാരം ബഡ്ജറ്റ് പാസാക്കി

### 1-1-1 ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി - നികുതി നികുതിയേതര വരവുകൾക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നില്ല.

ബഡ്ജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

### 1-1-2 കൈമാറിക്കിട്ടിയ സ്ഥാപന മേധാവികളുടെ നിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നില്ല.

സെക്രട്ടറി, വിവിധ ഓഫിസ് തലവൻമാർ എന്നിവരുടെ യോഗം ചേർന്ന് ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി അതാത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്ക് നൽകുകയും ഇവ അതാത് സ്റ്റാൻഡിങ്ങ് കമ്മിറ്റികൾ പരിശോധിച്ച്, ജനവരി 15 ന് മുമ്പ് ബഡ്ജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ്കമ്മിറ്റിക്ക് നൽകണമെങ്കിലും അപ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ഉദ്യോഗസ്ഥർ നിർദ്ദേശങ്ങൾ സമർപ്പിച്ചതായോ സ്റ്റാൻഡിംഗ് കമ്മിറ്റികൾ ഇവ പരിശോധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് ബഡ്ജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിക്കുകയോ ചെയ്തിട്ടില്ല. (കേ.പ.രാ.നിയമം വകുപ്പ് 214(1)). ഇതു മൂലം ഘടക സ്ഥാപനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കപ്പെടാതെയും അനിവാര്യ ചുമതലകളിൽപ്പെടുന്ന എല്ലാ മേഖലയിലും ആവശ്യത്തിന് തുക വകയിരുത്താതെയും പോകുന്നു.

## 1-2 വാർഷിക കണക്കുകൾ

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 11.06.2021 | -- | -- |

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ഉപഖണ്ഡികകളായി ചേർത്തിട്ടുള്ള അപാകതകൾ കണ്ടെത്തിയിട്ടുണ്ട് . അപാകതകൾ 06.08.2021 ലെ 9-ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തി സ്ഥാപനത്തിന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഉപഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

### 1-2-1 കെട്ടിട നികുതി

കെട്ടിട നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

### 1-2-2 കെട്ടിട നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ

കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

### 1-2-3 ടെണ്ടർ ഫോറം വിൽപ്പന രജിസ്റ്റർ

ടെണ്ടർഫോറം വിൽപ്പന രജിസ്റ്റർ തയ്യാറാക്കി സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

### 1-2-4 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻഡീച്ചർ

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-16 പ്രകാരം (കോഡ് - 440500101) Prepaid Programme Expense എന്ന് ആസ്തിയായി 21,455,999 രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അത്തരം ഒരു ആസ്തി ഉള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

### 1-2-5 വായ്പകൾ

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B5 Secured Loans – ബാധ്യത തിട്ടപ്പെടുത്തുന്നതിനാവശ്യമായ രജിസ്റ്റർ കൃത്യത ഉറപ്പ് വരുത്തി സൂക്ഷിച്ചിട്ടില്ല

## 1-2-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി നടത്തുന്ന ചെലവുകൾ റവന്യൂ ചെലവുകളായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് തുകകൾ - വാർഷിക കണക്കിലെ തുകയും ക്യാഷ് ബുക്ക് മറ്റ് രേഖകൾ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

## 1-2-7 ആസ്തി രജിസ്റ്റർ

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ സൃഷ്ടിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തുന്നില്ല. മാഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികൾ ഗ്രാമ പഞ്ചായത്തിന്റെ ആസ്തികളിൽ ഉൾപ്പെടുത്തുന്നില്ല. ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി നടത്തുന്ന ചെലവുകൾ റവന്യൂ ചെലവുകളായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-2-8 ക്യൂ ബിൽ തുക ബാധ്യതയായി രേഖപ്പെടുത്തിയിട്ടില്ല.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തൻവർഷം ക്യൂ ബില്ലിൽ ഉൾപ്പെട്ട തുകകൾ ബാധ്യത ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-9 വാർഷിക കണക്കിലെ മറ്റ് അപാകങ്ങൾ

1. മുൻവർഷത്തെ അപാകങ്ങൾ പരിഹരിച്ച് അറിയിച്ചിട്ടില്ല. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ , മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. ICDS ഫണ്ട് വരവുകൾ സംബന്ധിച്ച് കൃത്യമായ ഉത്തരവുകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ തന്നെ ലഭിച്ച ഫണ്ടുകൾ ഏതിനത്തിനാണെന്നത് സംബന്ധിച്ച് വ്യക്തമാക്കാൻ സാധിച്ചിട്ടില്ല.
3. റസീപ്റ്റ് & പേമെന്റ് അക്കൗണ്ട് ഷെഡ്യൂൾ RP40(B) പ്രകാരം Co-Op Bank Temp Acct For Try Excess 5667 രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു. എന്നാൽ പ്രസ്തുത അക്കൗണ്ടുകളുടെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .
4. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുടെ അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. വർക്ക് ഇൻ പ്രോഗ്രസ്സ് , ഡിപ്രിസിയേഷൻ, ആസ്തികളുടെ മൂല്യ നിർണ്ണയം എന്നിവ സംബന്ധിച്ച് കാൽക്കുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത ബാലൻസ് സംബന്ധിച്ച് പരിശോധിക്കാൻ സാധിച്ചിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 63,956,501 |
| വരവ് | 151,883,905 |
| ആകെ | 215,840,406 |
| ചെലവ് | 180,995,516 |
| നീക്കിയിരിപ്പ് | 34,844,890 |
| വരവിനങ്ങളിലെ നഷ്ടം | 0 |
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 37,15,969 |

## 1-4 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 407 | 241129996 | 268 | 121113118 | 65 | 74 | 50.23 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| സെക്രട്ടറി | 40 | 24 | 34954478 | 9124568 | 26.1 |
| അസി.സെക്രട്ടറി | 12 | 5 | 10243033 | 645959 | 6.3 |
| വി ഇ ഒ | 10 | 6 | 32739089 | 9084262 | 27.74 |
| കൃഷി ഓഫീസർ | 9 | 9 | 6447070 | 5468917 | 84.83 |
| വെറ്ററിനറിസർജൻ | 16 | 11 | 14073261 | 6950340 | 49.39 |
| ഐസി ഡി എസ് സൂപ്പർവൈസർ | 8 | 7 | 13158728 | 10312551 | 78.37 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 11 | 8 | 2500620 | 1716548 | 68.64 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 500000 | 500000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2 | 1050000 | 1019097 | 97.05 |
| ഹെഡ് മാസ്റ്റർ | 16 | 16 | 8238430 | 7615106 | 92.43 |
| അസി. എഞ്ചിനിയർ | 278 | 184 | 114532507 | 68198204 | 59.54 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1 | 2337000 | 191200 | 8.18 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 355780 | 286366 | 80.48 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 743012 | 3221901 | 3964913 | 3940753 | 24160 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 122411703 | 122411703 | 122411703 | |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | ഇല്ല |
| കർഷകതൊഴിലാളി പെൻഷൻ | 6967200 | 472 |

| | | |
|---|---|---|
| വിധവാപെൻഷൻ | 27349000 | 1767 |
| വാർദ്ധക്യകാലപെൻഷൻ | 42400900 | 3061 |
| വികലാംഗപെൻഷൻ | 6299300 | 418 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 450000 | 15 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന03.08.21 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 0രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണസംവിധാനം ഫലപ്രദമല്ല.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണസംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് ബോധ്യപ്പെടുന്നു.

ധനമാനേജ്മെന്റിന്റെ അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച വിശദാംശം ഖണ്ഡിക 1-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. പഞ്ചായത്തിന്റെ പ്രധാനവരുമാനമാർഗ്ഗങ്ങളായ വസ്തുനികുതി, യഥാർത്ഥകണക്കുകളും വാർഷികകണക്കുകളും പൊരുത്തപ്പെടുന്നില്ല.ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

   1. നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വലിയ അളവിൽ വരുമാനം നഷ്ടം സ്ഥാപനത്തിനുണ്ടാകുന്നുണ്ട്.
   4. വൗച്ചറുകളുടെ സൂക്ഷിപ്പ് വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ ,ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധയിൽ പെടുന്നില്ല.
   5. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വാർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണ രീതി ആരംഭിക്കുന്നതിനുപകരം ഒരേ സാധനങ്ങൾ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പല പ്രൊജക്ടുകൾ മുഖേന പലപ്പോഴായി വാങ്ങുന്ന രീതി ഗ്രാമപഞ്ചായത്ത് അവലംബിച്ചു കാണുന്നു. വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റേയും അന്തിമമാക്കുന്നതിന്റേയും പ്രധാന ചുമതല പ്രൊക്യൂർമെന്റ്ടീമിനാണ്. പ്രൊക്യൂർമെന്റ് ടീമിനെ നയിക്കേണ്ടതും ടീമിന്റെ മേൽനോട്ടം വഹിക്കേണ്ടതും പ്രൊക്യൂർമെന്റ് കമ്മിററിയാണ്. പ്രൊക്യൂർമെന്റ് കമ്മിററിയുടെ മിനുട്സ് പരിശോധിച്ചതിൽ പല വാങ്ങലുകളും കമ്മിററി അംഗീകരിച്ചു കാണുന്നില്ല.

വിവിധസ്റ്റാൻഡിംഗ് കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവഹിക്കേണ്ടതായ എല്ലാ ചുമതലകളും പരിഗണിച്ചതായി കാണുന്നില്ല.വികസനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോഗങ്ങളിൽ പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ചെലവുശതമാനം പരിശോധിക്കുന്നുണ്ടെങ്കിലും പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നുംതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകളുടെ വിവരം

തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2012-13 മുതൽ 2016-17വരെയുള്ള വർഷങ്ങളിലെ അക്കൌണ്ട് ജനറൽ ഓഡിറ്റ്റിപ്പോർട്ട് 23/02/2018തീയതിയിൽ ലഭിച്ചിട്ടുണ്ട്.

## 1-10 നെൽകൃഷി കൂലിച്ചെലവ് സബ്സിഡി- തുക ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടില്ല

കൃഷി ഓഫീസർ നടപ്പാക്കിയ നെൽകൃഷി കൂലിച്ചെലവ് സബ്സിഡി എന്ന പദ്ധതിയിൽ 2020-21 വർഷത്തിൽ ചുവടെ പറഞ്ഞിട്ടുള്ള ഗുണഭോക്താക്കൾക്ക് NEFT വഴി ആനുകൂല്യം നൽകിയെങ്കിലും ഇതിന്റെ UTR Number ( Unique

Transaction Reference ) ലഭിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്താക്കൾക്ക് തുക ലഭ്യമായതിന് വ്യക്തതയില്ല.

| ക്രമ നം | ബിൽ നം തിയ്യതി | ബിൽ തുക | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|---|---|
| 1 | TVL8/20-21/25.01.21 | 2,10,920 | വർഗ്ഗീസ്. വി.വി | 4,250 |
| | | | ജെയിംസ് | 1,700 |
| 2 | TVL11/20-21/06.02.21 | 1,87,936 | വർഗ്ഗീസ്. വി.വി | 2,125 |
| | | | ജെയിംസ് | 850 |
| 3 | TVL17/20-21/11.02.21 | 1,87,936 | വർഗ്ഗീസ്. വി.വി | 2,125 |
| | | | ജെയിംസ് | 850 |
| | ആകെ | | | 11, 900 |

ഗുണഭോക്താക്കൾക്ക് തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-11 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | | 31747000 | 31747000 | 29274898 | 2472102 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 5070831 | 5070831 | 3398328 | 1672503 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 24265520 | 24265520 | 17644029 | 6621491 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 22413000 | 22413000 | 22413000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 7849000 | 7849000 | 7769613 | 79387 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 24380000 | 24380000 | 13837803 | 10542197 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 30693801 | 18979848 | 49673649 | 48161649 | 1512000 |

തനതുഫണ്ടിനൊപ്പം മറ്റ് ഫണ്ടുകൾ കൂടി നിക്ഷേപിച്ചതിനാലും വിവരങ്ങൾ എഴുതിസൂക്ഷിക്കാത്തതിനാലും മുൻബാക്കി, വരവ് ,ചെലവ്,നീക്കിബാക്കി വിവരങ്ങൾ വേർതിരിച്ചെടുക്കുവാൻ സാധ്യമല്ല.

## 1-12 കളിപ്പാട്ടം വാങ്ങൽ പദ്ധതി - ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ പ്രീ പ്രൈമറി ക്ലാസുകളുള്ള ഗവ:സ്കൂളുകൾക്ക് കളിപ്പാട്ടം വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം പേര് | S-121/21 |

| | |
|---|---|
| | പ്രീ പ്രൈമറി ക്ലാസുള്ള ഗവ:സ്കൂളുകൾക്ക് കളിപ്പാട്ടം |
| അടങ്കൽ | 3,00,000 |
| ചെലവ് | 2,37,870 |
| ഫണ്ട് ഇനം | സംരക്ഷണ ഗ്രാന്റ്-റോഡിതരം |
| ബിൽ നം തിയ്യതി | 16/20-21/11.01.2021 |

പദ്ധതി പ്രകാരം ടെണ്ടർ/ ക്വട്ടേഷൻ മുഖേനയാണ് വാങ്ങലുകൾ നടത്തേണ്ടിയിരുന്നത്. എന്നാൽ സാധനങ്ങൾ കൺസ്യൂമർ ഫെഡിൽ നിന്നും നേരിട്ട് വാങ്ങുന്നതിനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷ പരിഗണിച്ച് ആരോഗ്യ-വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനമെടുക്കുകയും 07.07.2020 ലെ പ്രക്യൂർമെന്റ് കമ്മിറ്റിയും 21.10.2020 ലെ 5/6 നം തീരുമാനം പ്രകാരം ഭരണ സമിതിയും അംഗീകാരം നൽകുകയും ചെയ്തു. സർക്കാർ ഉത്തരവ് (എം.എസ്). 17/2019/ സഹ തിയ്യതി 05.04.2019 പ്രകാരം കൺസ്യൂമർ ഫെഡിൽ നിന്നും നിത്യോപയോഗ സാധനങ്ങൾക്ക് പുറമേ സ്റ്റേഷനറി സാധനങ്ങൾ കൂടി ടെണ്ടർ കൂടാതെ വാങ്ങാൻമാത്രമാണ് അനുമതിയുള്ളത്. സൈക്കിൾ, അബാക്കസ്, മാജിക് കാർ തുടങ്ങിയ പതിനാറോളം കളിപ്പാട്ടങ്ങൾ നിർമ്മിക്കാത്ത മേൽ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങി സ്കൂളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അനുമതിയില്ലാത്ത സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടി കൂടാതെ കളിപ്പാട്ടങ്ങൾ വാങ്ങിയത് സ്റ്റോർ പർച്ചേസ് നിയമങ്ങൾക്ക് എതിരാണ്. ഇത്തരത്തിൽ വാങ്ങൽ നടത്തിയതിന് വിശദീകരണം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 03/19-20/03.08.2021 പ്രകാരം ആവശ്യപ്പെടുകയും ഇതിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടിയിൽ കളിപ്പാട്ടങ്ങൾ സ്റ്റേഷനറി വിഭാഗത്തിൽപ്പെടുമെന്ന് കരുതിയാണ് കൺസ്യൂമർ ഫെഡിൽ നിന്നും കളിപ്പാട്ടങ്ങൾ വാങ്ങി വിതരണം ചെയ്തതെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ കളിപ്പാട്ടങ്ങൾ സ്റ്റോക്കിലെടുക്കുകയും സ്കൂളുകൾക്ക് വിതരണം നടത്തിയിട്ടുമുണ്ട്. വാങ്ങലുകളിലെ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഓഡിറ്റ് നിരീക്ഷണങ്ങൾ

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2020-21 വർഷത്തിൽ 70 റോഡുകൾ കോൺക്രീറ്റ് പ്രവ്യത്തികൾ നടത്തിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. വിവിധ പ്രവ്യത്തികൾ ടെണ്ടർ ചെയ്യുകയും കരാറുകാർ സൈറ്റിൽ പ്രവൃത്തിക്കാവശ്യമായ മെറ്റീരിയലുകൾ ഇറക്കി നൽകുകയും ചെയ്യുന്നു. പ്രവൃത്തി ഫയലുകളിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. കരാറുകാർ സമർപ്പിച്ച ബില്ലുകൾ പരിശോധനാവിധേയമാക്കുന്നില്ല.

വിവിധ പ്രവ്യത്തികൾക്ക് കരാറുകാർ സമർപ്പിച്ച ബില്ലുകൾ പരിശോധിക്കപ്പെടുന്നില്ല. സാധന സാമഗ്രികൾ വിതരണം ചെയ്തതിന് കാരാറുകാർ സമർപ്പിച്ച ബില്ലുകളിൽ ബിൽ ക്രമ നമ്പർ രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത ബില്ലുകളിൽ ജി.എസ്.ടി സഹിതമുള്ള തുകയാണ് കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ ക്രമമല്ലാത്ത ബിൽ സമർപ്പിച്ചത് വഴി സർക്കാരിലേക്ക് അടക്കേണ്ടുന്ന ജി.എസ്.ടി തുക ലഭ്യാമാകാതിരിക്കാൻ സാധ്യത കൂടുതലാണ്. കരാറുകാരൻ ബിൽ സമർപ്പിക്കുമ്പോൾ ഇവ പരിശോധന വിധേയമാക്കി ജി.എസ്.ടി ബില്ല് തന്നെയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത്തരത്തിലുള്ള ചില പ്രവ്യത്തികളുടെ ഉദാഹരണങ്ങൾ വിവരിക്കുന്നു.

| ക്രമ നം | പ്രവ്യത്തിയുടെ പേര് | അടങ്കൽ തുക | കരാറുകാരന് നൽകിയ തുക | കരാറുകാരന്റെ പേര് | ജി.എസ്.ടി തുക |
|---|---|---|---|---|---|
| 1 | കണ്ടാവനം വട്ടോളി പുഴക്കര റോഡ് കോൺക്രീറ്റ് | 4,99,998 | 4,13,864 | തോമസ്. പി.എം | 39,023 |
| 2 | ആറോല -പുല്ലൂർഞ്ഞി റോഡ് കോൺക്രീറ്റ് | 49,9,983 | 4,13,582 | തോമസ്. പി.എം | 38,840 |
| 3 | ഗാന്ധി സ്മാരക വായനശാല-SNDP റോഡ് കോൺക്രീറ്റ് | 2,50,000 | 2,03,532 | തോമസ്. പി.എം | 19,848 |
| 4 | കുയിലിവീട് കോളനി ആറോല റോഡ് കോൺക്രീറ്റ് | 2,50,000 | 1,93,487.50 | കെ. പി. ജോസഫ് | 23,279 |
| 5 | ചെറുപുഷ്പഗിരി റോഡ് കോൺക്രീറ്റ് | 2,50,000 | 2,00,962 | തോമസ്. പി.എം | 19,260 |
| 6 | പുഴയ്ക്കൽക്കുന്നേൽ റോഡ് കോൺക്രീറ്റ് | 2,50,000 | 1,99,427 | കെ. പി. ജോസഫ് | 23,393 |

2. മിക്സർ മെഷീൻ - ജി.എസ്.ടി ഈടാക്കിയിട്ടില്ല

കോൺക്രീറ്റ് പ്രവൃത്തിക്കാവശ്യമായ സാമഗ്രികൾ വിതരണം ചെയ്യുന്നതിനൊപ്പം കരാറുകാരൻ കോൺക്രീറ്റ് മിക്സർ മെഷീൻ കൂടി പ്രവൃത്തി സൈറ്റിൽ എത്തിച്ച് നൽകുകയും ഇതിന്റെ തുക നൽകുകകയും ചെയ്തിട്ടുണ്ട്. ജി.എസ്.ടി നിയമം പ്രകാരം ഏതൊരു സർവ്വീസും നികുതി വിധേയമാണ്. ഇത്തരത്തിൽ ഉപയോഗിക്കുന്ന സേവനത്തിന് 1001 രൂപ മുതൽ 7500 രൂപ വരെയുള്ളതിന് 12% വും ഇതിന് മുകളിലുള്ള തുകയ്ക്ക് 18% വും ജി.എസ്.ടി ഈടാക്കേണ്ടതാണ്. എന്നാൽ 2020-21 ൽ പൂർത്തീകരിച്ചതും തുക നൽകിയതുമായ 68 കോൺക്രീറ്റ് പ്രവൃത്തികൾക്കും മിക്സർ മെഷീൻ വാടക നൽകിയിട്ടുണ്ടെങ്കിലും ഇവയിൽ നിന്നും നിശ്ചിത നിരക്കിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ല.

3. കരാറുകാരിൽ നിന്നും 1% ആദായ നികുതി ഈടാക്കിയിട്ടില്ല.

ആദായ നികുതി നിയമം സെക്ഷൻ 194സി പ്രകാരം 2016-17 മുതൽ കരാറുടമ്പടി പ്രകാരം ഏൽപ്പിക്കപ്പെടുന്ന പ്രവൃത്തികൾക്ക് നൽകുന്ന തുകയുടെ 1% ആദായ നികുതി ടി.ഡി.എസ് ആയി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2020-21 ൽ പൂർത്തീകരിച്ചതും തുക നൽകിയതുമായ 70 കോൺക്രീറ്റ് പ്രവൃത്തികളുടെ കോൺട്രാക്ടർമാറിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-14 കെട്ടിട വാടക നൽകിയത് സർക്കാർ ഉത്തരവ് പാലിക്കാതെ

പ്രോജക്ട് നം , 110/21

പ്രോജക്ടിന്റെ പേര് - കെട്ടിട വാടക നൽകൽ

സാമ്പത്തിക വർഷം - 2020-21

അടങ്കൽ - തനത് ഫണ്ട് - 500000

ചെലവഴിച്ച തുക –290265

ഗ്രാമ പഞ്ചായത്ത് പരിധിയിലെ വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടികൾ , പി.എച്ച്.സി, മാവേലി സ്റ്റോർ എന്നിവയുടെ വാടക നൽകുന്നതിന് വേണ്ടിയാണ് മേൽ പ്രോജക്ടുകൾ നടപ്പിലാക്കിയത്. വാളാട് പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിന്റെ വാടകയിനത്തിൽ 2020-21 സാമ്പത്തിക വർഷം 30000 രൂപയും ( 10/2019 മുതൽ 7/2020 വരെയുള്ള വാടക) നൽകിയിട്ടുണ്ട്.സ.ഉ(സാധാ)നം,301/13/തസ്വഭവ തിരുവനന്തപുരം തീയതി 04.02.2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ രണ്ടാമത് ആരംഭിക്കുന്ന മാവേലികൾക്ക് അത് പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടം തദ്ദേശസ്വയംഭരണ സ്ഥാപനം ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സ.ഉ(സാധാ). നം,386/2019/തസ്വഭവ തിരുവനന്തപുരം തീയതി 22.02.2019 പ്രകാരം രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്കും കെട്ടിട വാടക 5 വർഷത്തേക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. മേൽ മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ച് 5 വർഷം കഴിഞ്ഞിട്ടും സ്ഥാപനത്തിൽ നിന്നും നൽകിയതായി കാണുന്നു. മാവേലി സ്റ്റോറുകൾക്ക് വാടക നൽകുന്നത് സർക്കാർ നിർദ്ദേശപ്രകാരമായിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത്

പ്രോജക്ട് നം , 171/21

പ്രോജക്ടിന്റെ പേര് - ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ - വികസന ഫണ്ട് - 2000000

ചെലവഴിച്ച തുക – 1008358

ബിൽ തുകകൾ - 54023

430408

66745

300025

157157

ആകെ 1008358

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. ചെലവഴിച്ച തുക ബിൽബുക്ക് വഴിയോ ചെക്ക് മുഖേനയോ അല്ലാത്തതിനാൽ ഹാജരാക്കിയ രേഖകളിൽ നിന്നും ചെലവഴിച്ച തുകയുടെ ബിൽ നമ്പർ, തീയതി ഉടങ്ങിയ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം UTR സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമല്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-16 മരുന്ന് ഇനിയും ലഭിച്ചിട്ടില്ല

നിർവ്വഹണം - മെഡിക്കൽ ഓഫീസർ ഹോമിയോ
ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ (പ്രോ.നം.168/21) എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 27-10-2020 ൽ ബിൽ നമ്പർ 658314/20-21 പ്രകാരം 3,50,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ,കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും ,നാളിതുവരെയായിട്ടും മരുന്നുകൾ ലഭിച്ചിട്ടില്ല. കൈമാറിയ മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ചെലവ് രേഖകൾ ഹാജരാക്കിയില്ല, 3715969 രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു

വെറ്ററിനറി സർജൻ, നിർവ്വഹണോദ്യോഗസ്ഥനായി 2020-21 ൽ നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ ( പ്രോജക്റ്റ് നം ,237/21 ) എന്ന പദ്ധതി പ്രകാരം, ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വരയാൽ,കാട്ടിമൂല,കൈതക്കാല്ലി,തലപ്പുഴ,ആലാറ്റിൽ,മക്കിയാട് എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ അളന്ന ക്ഷീര കർഷകർക്ക് സബ്സിഡി വിതരണം ചെയ്യുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. പദ്ധതിപ്രകാരം , 2020-21 ൽ 37,15,969 രൂപ താഴെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ,തിയതി | ബിൽ തുക |
|---|---|---|
| 1 | 2018045201520016 6435/15-5-20 | 1,65,640 |
| 2 | 2018045201520016 6448/15-5-20 | 2,40,976 |
| 3 | 2018045201520016 6456/15-5-20 | 3,72,028 |
| 4 | 2018045201520016 6460/15-5-20 | 4,73,752 |
| 5 | 2018045201520015 9033/13-5-20 | 4,91,534 |
| 6 | 2018045201520015 9041/13-5-20 | 4,85,310 |
| 7 | 2018045201520016 6470/15-5-20 | 47,604 |
| 8 | 2018045201520015 9049/13-5-20 | 3,44,091 |
| 9 | 2018045201520015 9058/13-5-20 | 2,73,824 |
| 10 | 2018045201520015 9069/13-5-20/ | 4,92,970 |
| 11 | 2018045201520015 9557/13-5-20 | 3,28,240 |
| | ആകെ | 37,15,969 |

മേൽ പരാമർശിച്ചിരിക്കുന്ന ഓരോ ബില്ലുകളും തയാറാക്കുന്നതിന് ആധാരമാക്കിയ ക്ഷീര സഹകരണ സംഘങ്ങൾ സമർപ്പിച്ച പാലിന്റെ ലിസ്റ്റ്, ഓരോ ലിസ്റ്റിൽ നിന്നും എത്രപേർക്ക് സബ്സിഡി നൽകി, ഓരോ ക്ഷീരകർഷകനും ആകെ നൽകിയ തുക, തുടങ്ങിയ വിവരങ്ങൾ ട്രഷറിയിൽ നിന്നും പിൻവലിച്ച ബില്ലുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റിന് ഹാജരാക്കാൻ ആവിത്തിച്ച് ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാൽ 37,15,969 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

## 1-18 മരാമത്ത് പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസം-പിഴ ഈടാക്കിയിട്ടില്ല

1-2-2012 ലെ ജി.ഒ.(പി) 13/2012/PWD പ്രകാരമുള്ള പുതുക്കിയ കേരളപൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥ 2112,2112-1 എന്നിവ പ്രകാരം മരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്വമാണ്. പ്രവൃത്തി പൂർത്തീകരണത്തിന് സമയം ദീർഘിപ്പിച്ചുനൽകിയാൽ പിഴയീടാക്കാനും അതിന്റെ നിരക്കുകളും മാന്വലിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇതുപ്രകാരം സമയംദീർഘിപ്പിച്ചുനൽകുന്നത്, ഒറ്റതവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിലും, പരമാവധി 50 ശതമാനത്തിലും അധികരിയ്ക്കാൻ പാടില്ലായെന്നും, പിഴയായി ആദ്യതവണ കരാർ തുകയുടെ 1 ശതമാനവും തുടർന്ന് കരാർ തുകയുടെ 2 ശതമാനം വീതവും ഈടാക്കണമെന്നുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മൂന്നുമാസക്കാലയളവിന് ഒരു ശതമാനം നിരക്കിലും തുടർന്നുള്ള ഓരോ 3 മാസക്കാലയളവിനും 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്.ഈ വ്യവസ്ഥകൾകരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും.
താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാതിരുന്നിട്ടും കരാറുകാരിൽ നിന്നും യാതൊരുവിധ പിഴയും ഈടാക്കാതെ അവസാന ബിൽതുക നൽകിയതായി കാണുന്നു. .വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പ്രൊജക്ട് നം/ അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക്(PAC) | എഗ്രിമെന്റ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ | അവസാന ബിൽ / ചെക്ക് നം |
|---|---|---|---|---|---|---|---|
| 360/21 വയോട് ആൾട്ടർനേറ്റീവ് സ്കൂൾ ടോയിലറ്റ് 2,00,000 | കര്യാച്ചൻ K K 199316 | 76/19 14-9-2018 | 6മാസം 13-3-2019 | 17-3-2020 | 12 മാസം | 13952 (7% 1+2+2+2) | 21/20-21 20-4-2021 തുക 196120 |
| 224/21 കരിക്കാറ്റിൽ പുന്നശ്ശേരി കൾവർട്ട്6,00,000 | ജോസഫ് കെ പി 524385.69 | 58/2018-19 28-9-2018 | 9 മാസം 27-6-2019 | 8-5-2020 | 10 മാസം 11 ദിവസം | 36707(7% 1+2+2+2) | 56/20-20 24-7-2020 തുക 191469 |
| | | | | | ആകെ പിഴ | 50659 | |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
കരാർ പാലിക്കാതിരുന്ന കരാറുകാരനിൽ നിന്നും കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള പിഴ ഈടാക്കാതിരുന്നത് നിർവ്വഹണോദ്യോഗസ്ഥന്റെ വീഴ്ചയാണ് .
നിയമപ്രകാരമുള്ള പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 06-08-2021 | |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | | 195000 | ഭിന്നശേഷി സ്കോളർഷിപ്പ് | | |
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | | 604521 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 604521 | |
| ജില്ലാ പഞ്ചായത്ത് | | 604521 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 604521 | |
| ജില്ലാ പഞ്ചായത്ത് | | 539070 | നെൽകൃഷി കൂലിചെലവ് സബ്സിഡി | 539070 | |
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | | 2415969 | ക്ഷീര കർഷകർക്ക് സബ്സിഡി | 2415969 | |
| ജില്ലാ പഞ്ചായത്ത് | | 1300000 | ക്ഷീര കർഷകർക്ക് സബ്സിഡി | 1300000 | |
| ജില്ലാ പഞ്ചായത്ത് | | 300000 | ലൈഫ് മിഷൻ ഭവന നിർമ്മാണം | 300000 | |
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | | 3020000 | ലൈഫ് ഭവന നിർമ്മാണം | | |
| ജില്ലാ | | 316000 | ലൈഫ് | | |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | ഭവന നിർമ്മാണം | | |
| മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് | | 220000 | ലൈഫ് ഭവന നിർമ്മാണം | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | ഇല്ല | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | | ഇല്ല | | | | |

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 6020000.രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | | 19024117 | 8390358 | | 21455999 |

- വായ്പ തുക വിനിയോഗം സംബന്ധിച്ച് വായ്പ രജിസ്റ്റർ കൃത്യമായി തയ്യാറാക്കാത്തതിനാൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,554,716 |
| തൻവർഷം നിക്ഷേപിച്ച തുക | 33,473 |
| ആകെ | 1,5881,89 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,5881,89 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-)0 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 42 | 2002-03 | 12(4)(I) | കാർഷിക ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ | നിലനിൽക്കുന്നു. |
| 1998-99 | 29 | 2002-03 | 12(4)(Ii) | കമ്മ്യൂണിറ്റി ഹെൽത്തുസെന്റർ – വൈദ്യുതി ബിൽ സർചാർജ്ജ് അടച്ചത് അനുവദനീയമല്ല | |
| 1998-99 | 31 | 2002-03 | 12(4)(Ii) | എയ്ഡഡ് സ്കൂളുകൾക്ക് ഫർണ്ണീച്ചർ നൽകിയത്- തുക അനുവദനീയമല്ല | |
| 1998-99 | 35 | 2002-03 | 12(4)(Iv) | വനിതകളുടെ തേയിലപ്പൊടി പായ്ക്കിംഗ് & സെല്ലിംഗ് യൂണിറ്റ് | |
| 1999-00 | 29 | 2003-04 | 3-12(5) | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ- തുക വക മാറ്റി ചെലവഴിച്ചത് – 14202 | |
| 1999-00 | 35 | 2003-04 | 3-12(5) | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ – സൂപ്പർവിഷൻ ചാർജ്ജ് അധികം നൽകിയത്- 25855 | |
| 2015-16 | | 2016-17 | 2(2) | തൊഴിൽനികുതി | പരിഹരിച്ചു വരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം വരവില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 151,883,905 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 180,995,516 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 37,15,969 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 37,15,969 | ഡോ. ജിജിമോൻ<br>വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| ഖണ്ഡിക നമ്പർ | |
|---|---|

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ജിജിമോൻ<br>വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ<br>പേരാവൂർ ഗ്രാമപഞ്ചായത്ത് | വടക്കൻ ഹൗസ്<br>അമ്പലവയൽ പി.ഒ<br>വയനാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഡബ്ല്യൂ.പി.1-549/98/14.06.2019 |
| 1997-98 | എൽ.എഫ്.ഡബ്ല്യൂ.പി4-663/01/14.06.2019 |
| 1998-99 | എൽ.എഫ്.ഡബ്ല്യൂ.പി4- 9/2002/14.06.2019 |
| 1999-2000 | എൽ.എഫ്.ഡബ്ല്യൂ.പി4 – 90/2003/14.06.2019 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ.പി3 -379/2005 / 14.06.2019 |
| 2000-01 | എൽ.എഫ്.ഡബ്ല്യൂ.പി4- 407/04/14.10.2004 |

| | |
|---|---|
| 2001-02 | എൽ.എഫ്.ഡബ്ല്യൂ.പി4-719/2006 / 14.06.2019 |
| 2001-02 | എൽ.എഫ്.ഡബ്ല്യൂ.പി4 -487/03 /14.10.2004 |
| 2002-03 | എൽ.എഫ്.ഡബ്ല്യൂ.പി3-22/07/14.06.2019 |
| 2003-04 | എൽ.എഫ്.ഡബ്ല്യൂ. പി3- 689/2007/14.06.2019 |
| 2004-05 | എൽ.എഫ്.ഡബ്ല്യൂ.പി3- 690/2007/14.06.2019 |
| 2005-06 | എൽ.എഫ്.ഡബ്ല്യൂ.പി3-406/2009 / 14.06.2019 |
| 2006-07 | എൽ.എഫ്.ഡബ്ല്യൂ. പി3- 621/10/16.12.2011 |
| 2007-08 | എൽ.എഫ്.ഡബ്ല്യൂ. പി3- 625/10(1) /24.07.2015 |
| 2008-09 | എൽ.എഫ്.ഡബ്ല്യൂ. പി3-1096/11 /1.1.13 |
| 2009-10 | എൽ.എഫ്.ഡബ്ല്യൂ.പി3- 451/12/10.02.2012 |
| 2010-11 | എൽ .എഫ്.ഡബ്ല്യൂ.പി3- 450/12/1.1.13 |
| 2011-12 | എൽ.എഫ്.ഡബ്ല്യൂ. പി2- 776/13 / 30.08.2019 |
| 2012-13 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-149/15 /3.8/2019 |
| 2013-14, 14-15 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2- 132/16 /30.08.2019 |
| 2015-16 | കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി) പി2/10 /17/14.03.2018 |
| 2016-17 | കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി.2/593/ 17 /11.01.2018 |
| 2017-18 | കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി.2 -128/19 / 01.08.2019 |
| 2018-19 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി2/893/2019 / 03.02.2020 |
| 2019-20 | കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി)പി. |

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്